


# ജനഹിതം

## വാർത്താപത്രിക

### സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, കേരളം

2025 മെയ് ലക്കം 5


# തദ്ദേശസ്ഥാപനങ്ങളിലെ അദ്ധ്യക്ഷസ്ഥാനങ്ങളുടെ സംവരണം: സർക്കാർ ഉത്തരവായി

സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിലെയും, മുനിസിപ്പൽ കൗൺസിലുകൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെയും അദ്ധ്യക്ഷസ്ഥാനങ്ങളുടെ നിശ്ചിത എണ്ണം സ്ത്രീകൾക്കും, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും സംവരണം ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

2025 ലെ തദ്ദേശ സ്വയം ഭരണ സ്ഥാപന പൊതു തിരഞ്ഞെടുപ്പിന് ശേഷം നിലവിൽ വരുന്ന അദ്ധ്യക്ഷ പദവികളിലേയ്ക്കുള്ള സംവരണസ്ഥാനങ്ങളുടെ എണ്ണം നിശ്ചയിച്ചാണ് ഉത്തരവായത്.

അദ്ധ്യക്ഷസ്ഥാനങ്ങളുടെ എണ്ണം സംബന്ധിച്ച വിശദ വിവരം ചുവടെയുള്ള പട്ടികകളിൽ.

## മുനിസിപ്പാലിറ്റി, കോർപ്പറേഷൻ അദ്ധ്യക്ഷസ്ഥാനങ്ങളുടെ സംവരണം

| മുനിസിപ്പാലിറ്റി / കോർപ്പറേഷൻ | അദ്ധ്യക്ഷ സ്ഥാനം ആകെ | ജനറൽ | വനിത ആകെ | വനിത ജനറൽ | പട്ടിക ജാതി ആകെ | പട്ടിക ജാതി | പട്ടിക ജാതി വനിത | പട്ടിക വർഗ്ഗം ആകെ | പട്ടിക വർഗ്ഗം | പട്ടിക വർഗ്ഗം വനിത |
|---|---|---|---|---|---|---|---|---|---|---|
| മുനിസിപ്പാലിറ്റി | 87 | 39 | 44 | 41 | 6 | 3 | 3 | 1 | 1 | 0 |
| കോർപ്പറേഷൻ | 6 | 3 | 3 | 3 | 0 | 0 | 0 | 0 | 0 | 0 |

## ത്രിതലപഞ്ചായത്തുകളിലെ പ്രസിഡന്റ് സ്ഥാനങ്ങളുടെ സംവരണം

| ഗ്രാമ/ ബ്ളോക്ക്/ ജില്ലാ/ പഞ്ചായത്ത് | പ്രസിഡന്റ് സ്ഥാനം ആകെ | ജനറൽ | വനിത ആകെ | വനിത ജനറൽ | പട്ടിക ജാതി ആകെ | പട്ടിക ജാതി | പട്ടിക ജാതി വനിത | പട്ടിക വർഗ്ഗം ആകെ | പട്ടിക വർഗ്ഗം | പട്ടിക വർഗ്ഗം വനിത |
|---|---|---|---|---|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 941 | 416 | 471 | 417 | 92 | 46 | 46 | 16 | 8 | 8 |
| ബ്ളോക്ക് പഞ്ചായത്ത് | 152 | 67 | 77 | 67 | 15 | 7 | 8 | 3 | 1 | 2 |
| ജില്ലാ പഞ്ചായത്ത് | 14 | 6 | 7 | 7 | 1 | 1 | 0 | 0 | 0 | 0 |

# ജില്ലാതല മാസ്റ്റർ ട്രെയിനർമാർക്ക് പരിശീലനം

ജില്ലാതല മാസ്റ്റർ ട്രെയിനർമാർക്കുള്ള ദ്വിദിന പരിശീലനം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആസ്ഥാനത്ത് നടന്നു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ ആമുഖ പ്രഭാഷണം നടത്തി. കമ്മീഷൻ സെക്രട്ടറി ബി എസ് പ്രകാശ്, ജോയിന്റ് സെക്രട്ടറിമാരായ അനിൽ ജോണി, പ്രദീപ്കുമാർ ആർ തുടങ്ങിയവർ സംസാരിച്ചു.

ഒരു ജില്ലയിൽ നിന്നും 2 വീതം ആകെ 28 പേർ പരിശീലനത്തിൽ പങ്കെടുത്തു. ജില്ലകളിൽ മെയ് അവസാന വാരം നടക്കുന്ന തദ്ദേശസ്ഥാപന സെക്രട്ടറിമാർക്കുള്ള പരിശീലനത്തിന് മാസ്റ്റർട്രെയിനർമാരാണ് നേതൃത്വം നൽകുക.

ഡീലിമിറ്റേഷനു ശേഷമുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച് കൺസൾട്ടന്റ് എം ഷാജഹാൻ, ഇആർഎംഎസ്, വോട്ടർപട്ടിക തയ്യാറാക്കൽ എന്നിവയെക്കുറിച്ച് ജോയിന്റ് സെക്രട്ടറി എ സുരേഷ്കുമാർ, പോളിംഗ് സ്റ്റേഷൻ കണ്ടെത്തൽ, സംക്ഷിപ്തപുതുക്കൽ എന്നിവയെക്കുറിച്ച് ജോയിന്റ് സെക്രട്ടറി പിജെ ജയിംസ്, വാർഡുകളിലെ സംവരണം സംബന്ധിച്ച് ലീഗൽ കൺസൾട്ടന്റ് വി ഷാജിമോൻ തുടങ്ങിയവർ ക്ലാസ്സെടുത്തു. സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങളായ കെ റ്റി ജോർജ്ജ്, കെ. രാധാകൃഷ്ണക്കുറുപ്പ് എന്നിവരും ആദ്യദിനത്തിൽ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു.


സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, ജനഹിതം, റ്റി.സി-27/6(2), വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം-695033,
ഫോൺ 0471 2325048, Email : cru.sec@kerala.gov.in, Website :www.sec.kerala.gov.in,
Facebook @ StateElectionCommissionKerala, Instagram : sec_kerala_official

# മാസ്റ്റർ ട്രെയിനർ പരിശീലനം



# തദ്ദേശ തിരഞ്ഞെടുപ്പ് സ്ഥാനാർത്ഥി:

## പ്രധാനപ്പെട്ട യോഗ്യതകളും അയോഗ്യതകളും

തദ്ദേശസ്ഥാപനത്തിൽ മത്സരിക്കുന്ന ഒരാൾക്ക് ആ സ്ഥാപനത്തിലെ ഏതെങ്കിലും വാർഡിലെ വോട്ടർപട്ടികയിൽ പേരുണ്ടായിരിക്കുകയും നാമനിർദ്ദേശപത്രിക സമർപ്പിക്കുന്ന തീയതിയിൽ 21 വയസ്സ് പൂർത്തിയായിരിക്കുകയും വേണം. ഒരു വാർഡിലെ സ്ഥാനാർത്ഥിയെ നാമനിർദ്ദേശം ചെയ്യുന്നയാൾ അതേ വാർഡിലെ വോട്ടർപട്ടികയിൽ തന്നെ പേരുള്ള ആളായിരിക്കണം.

സംവരണസീറ്റിൽ മത്സരിക്കുന്നയാൾ ആ സംവരണ വിഭാഗത്തിൽപ്പെട്ട ആളായിരിക്കണം. പട്ടികജാതി, പട്ടിവർഗ്ഗ സംവരണവാർഡുകളിൽ മത്സരിക്കുന്നവർ തഹസീൽദാരിൽ നിന്നും ലഭിച്ച ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കണം.

സംസ്ഥാന സർക്കാരിന്റെയോ കേന്ദ്ര സർക്കാരിന്റെയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയോ, അവ നിയന്ത്രിക്കുന്ന കോർപ്പറേഷനുകളിലെയോ ജീവനക്കാർക്കും ഉദ്യോഗസ്ഥർക്കും സ്ഥാനാർത്ഥിയാകുന്നതിന് അയോഗ്യതയുണ്ട്.

കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്കും തദ്ദേശ സ്ഥാപനങ്ങൾക്കും 51 ശതമാനത്തിൽ കുറയാതെ ഓഹരിയുള്ള കമ്പനികളിലെയും സഹകരണസംഘങ്ങളിലെയും ജീവനക്കാർക്കും മത്സരിക്കാൻ കഴിയില്ല.

സംസ്ഥാനത്തെ ഏതെങ്കിലും ബോർഡിലോ സർവ്വകലാശാലയിലോ ഉള്ള ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും മത്സരിക്കാൻ യോഗ്യതയില്ല.

പാർട്ട് ടൈം ജീവനക്കാരും ഓണറേറിയം കൈപ്പറ്റുന്നവരും ജീവനക്കാരിൽ ഉൾപ്പെടും.

അങ്കണവാടി ജീവനക്കാർക്കും ബാലവാടി ജീവനക്കാർക്കും ആശാവർക്കർമാർക്കും പഞ്ചായത്ത്, മുനിസിപ്പാലിറ്റി തിരഞ്ഞെടുപ്പുകളിൽ മത്സരിക്കാം. സാക്ഷരാപ്രേരക്മാർക്ക് പഞ്ചായത്തുകളിൽ മത്സരിക്കാമെങ്കിലും നഗരസഭകളിൽ മത്സരിക്കുന്നതിന് അയോഗ്യതയുണ്ട്.

സർക്കാരിന് 51 ശതമാനം ഓഹരിയില്ലാത്ത പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് മത്സരിക്കാം.

കെ.എസ്.ആർ.ടി.സി ജീവനക്കാർ, എംപാനൽ കണ്ടക്ടർമാർ, ഇലക്ട്രിസിറ്റി ബോർഡ് ജീവനക്കാർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലൂടെ 179 ദിവസത്തേക്ക് നിയമിക്കപ്പെടുന്ന താൽക്കാലിക ജീവനക്കാർ, കരാർ ജീവനക്കാർ, ദിവസ വേതനക്കാർ എന്നിവർക്കും മത്സരിക്കാൻ കഴിയില്ല.

കുടുംബശ്രീ സിഡിഎസ്, എഡിഎസ് ചെയർ പേഴ്സൺമാർക്ക് മത്സരിക്കാം. എന്നാൽ തദ്ദേശസ്ഥാപനത്തിലെ സിഡിഎസ് അക്കൗണ്ടന്റുമാർക്ക് മത്സരിക്കാൻ കഴിയില്ല.

സർക്കാരുമായോ തദ്ദേശ സ്ഥാപനവുമായോ നിലവിലുള്ള കരാറിൽ ഏർപ്പെട്ടിട്ടുള്ള ആൾക്കും മത്സരിക്കാൻ കഴിയില്ല.

സർക്കാരിലേയ്ക്കോ തദ്ദേശസ്ഥാപനത്തിലേയ്ക്കോ ഏതെങ്കിലും കുടിശ്ശികയുള്ളവർക്കും സ്ഥാനാർത്ഥിയാകാൻ കഴിയില്ല.

സർക്കാരുമായുള്ള ഏതെങ്കിലും കരാറിലോ ലേലത്തിനോ വീഴ്ച വരുത്തുന്നതിന്റെ ഫലമായി ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരും മത്സരിക്കാൻ അയോഗ്യരാണ്.

തദ്ദേശ സ്ഥാപനത്തിന്റെ ധനമോ മറ്റു വസ്തുക്കളോ നഷ്ടപ്പെടുത്തുകയോ പാഴാക്കുകയോ ദുർവിനിയോഗം ചെയ്യുകയോ ചെയ്തിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപന ഓംബുഡ്സ്മാൻ കണ്ടെത്തിയ വ്യക്തിക്കും മത്സരിക്കുന്നതിന് കഴിയില്ല.

1951 ലെ ജനപ്രാതിനിധ്യ നിയമത്തിലെ എട്ടാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും കുറ്റത്തിന് ശിക്ഷിക്കപ്പെടുകയോ അല്ലെങ്കിൽ സാന്മാർഗ്ഗിക ദൂഷ്യം ഉൾപ്പെട്ട ഒരു കുറ്റത്തിന് മൂന്ന് മാസത്തിൽ കുറയാതെയുള്ള ഒരു കാലത്തേയ്ക്ക് തടവുശിക്ഷ വിധിക്കപ്പെട്ടിട്ടുള്ളതോ ആയ ഒരാൾക്ക് മത്സരിക്കുന്നതിന് അയോഗ്യതയുണ്ട്. ശിക്ഷിക്കപ്പെട്ടാൽ ജയിൽ മോചിതനായ ശേഷം ആറു കൊല്ലംവരെ അയോഗ്യത ഉണ്ടായിരിക്കും.

ഏതെങ്കിലും കേസുകളിൽ പ്രതിയായതുകൊണ്ട് മാത്രം ഒരാൾക്ക് തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് അയോഗ്യതയില്ല. അഴിമതിയ്ക്കോ കൂറില്ലായ്മയ്ക്കോ ഉദ്യോഗത്തിൽ നിന്നും പിരിച്ചുവിടപ്പെട്ട ഏതൊരു ഉദ്യോഗസ്ഥനും പിരിച്ചു വിടപ്പെട്ട തീയതി മുതൽ 5 വർഷത്തേയ്ക്ക് അയോഗ്യത ഉണ്ടായിരിക്കും.

തദ്ദേശ സ്വയംഭരണ സ്ഥാപന കൂറുമാറ്റ നിരോധന നിയമപ്രകാരം അയോഗ്യനാക്കപ്പെടുകയും അയോഗ്യനാക്കപ്പെട്ട തീയതി മുതൽ 6 വർഷം കഴിയാതിരിക്കുകയും ചെയ്താലും മത്സരിക്കാൻ യോഗ്യതയുണ്ടാകില്ല. തദ്ദേശസ്ഥാപന തിരഞ്ഞെടുപ്പിൽ മത്സരിച്ചതിന് ശേഷം തിരഞ്ഞെടുപ്പ് ചെലവ് കണക്ക് യഥാസമയം സമർപ്പിച്ചിട്ടില്ലാത്തവർക്ക് കമ്മീഷൻ അയോഗ്യനാക്കുന്ന തീയതി മുതൽ 5 വർഷക്കാലം മത്സരിക്കാനാകില്ല.

ഒരാൾക്ക് തദ്ദേശ സ്ഥാപനത്തിന്റെ ഒരു വാർഡിലേക്ക് മാത്രമേ മത്സരിക്കാൻ പാടുള്ളൂ.ഒന്നിൽ കൂടുതൽ വാർഡിലേക്ക് മത്സരിച്ചാൽ അയാളുടെ എല്ലാ പത്രികകളും നിരസിക്കുന്നതാണ്.

എന്നാൽ ത്രിതല പഞ്ചായത്തുകളിൽ ഒന്നിലധികം തലങ്ങളിൽ മത്സരിക്കാവുന്നതാണ്.

സർക്കാർ അഭിഭാഷകർക്ക് പുറമേ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനത്തിനു വേണ്ടി പ്രതിഫലം പറ്റുന്ന ഒരു അഭിഭാഷകനായി ജോലിയിലേർപ്പെട്ടിരിക്കുന്ന ആൾക്കും മത്സരിക്കാനാകില്ല.

**EDITORIAL TEAM**
*Sureshkumar A.*
*James P J*

**PHOTOGRAPHY**
*I & PRD*
*Aravind M.A.*

**DESIGN & LAYOUT**
*Nimisha N K*

(ലേഖനങ്ങളിലുള്ള അഭിപ്രായം ലേഖകരുടേത് മാത്രമാണ്)

# പത്രവാർത്തകളിലൂടെ

## രാഷ്ട്രീയപാർട്ടികളുമായുള്ള യോഗം

കേന്ദ്രതിരഞ്ഞെടുപ്പ് കമ്മീഷൻ രാജ്യത്തെമ്പാടുമായി രാഷ്ട്രീയപാർട്ടികളുമായുള്ള യോഗം സംഘടിപ്പിച്ചു. രാജ്യമാകെ നടന്ന അയ്യായിരത്തോളം യോഗങ്ങളിൽ വോട്ടർപട്ടിക പുതുക്കൽ ഉൾപ്പെടെയുള്ള വിഷയങ്ങൾ തിരഞ്ഞെടുപ്പ് കമ്മീഷൻ രാഷ്ട്രീയകക്ഷികളുമായി ചർച്ച ചെയ്തു. 28,000 ത്തോളം പ്രതിനിധികളുമായി സംവദിച്ചു.

ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ, ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ, ചീഫ് ഇലക്ടറൽ ഓഫീസർ തലങ്ങളിലാണ് രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെ യോഗം വിളിച്ചു ചേർത്തത്.

ന്യൂഡൽഹിയിൽ നടന്ന ചീഫ് ഇലക്ടറൽ ഓഫീസർമാരുടെ സമ്മേളനത്തിൽ മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ്കുമാറിന്റെയും തിരഞ്ഞെടുപ്പ് കമ്മീഷണർമാരായ ഡോ. സുഖ്ബീർസിങ് സന്ധു, ഡോ.വിവേക് ജോഷി എന്നിവരുടേയും നിർദ്ദേശമനുസരിച്ചാണ് രാജ്യമാകെ ഇത്തരം യോഗങ്ങൾ സംഘടിപ്പിച്ചത്.

*(ദി ഹിന്ദു,ഏപ്രിൽ 2)*

## മെട്രോപ്പൊലിറ്റൻ പ്ളാനിംഗ് കമ്മിറ്റി: ഈ വർഷം തന്നെ സാധ്യത

കേരളത്തിലെ ആറു കോർപ്പറേഷനുകൾക്കു ചുറ്റുമുള്ള നഗരവികസനത്തിനു ചുക്കാൻ പടിക്കാൻ മെട്രോപ്പൊലിറ്റൻ പ്ളാനിംഗ് കമ്മിറ്റികൾ (എംപിസി) രൂപീകരിക്കണമെന്ന കേരള നഗരനയകമ്മീഷൻ (കെയുപിസി) റിപ്പോർട്ടിലെ ശുപാർശ ഈ വർഷം തന്നെ നടപ്പാക്കിയേക്കും. നഗരസഭകൾക്ക് വൻവികസന പദ്ധതികൾ നടപ്പാക്കാൻ മുനിസിപ്പൽ ബോണ്ടുകൾ വഴി ധനസമാഹരണം നടത്താമെന്ന നിർദ്ദേശവും ഈ വർഷം തന്നെ പ്രാവർത്തികമായേക്കും.

തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ കൂടി ഉൾപ്പെടുന്നതിനാൽ എംപിസി രൂപീകരണം തദ്ദേശതിരഞ്ഞെടുപ്പ് കഴിഞ്ഞ് മതിയോ എന്ന ആലോചനയുമുണ്ട്.

*(മലയാളമനോരമ,ഏപ്രിൽ 3)*

## വോട്ടിങ് യന്ത്രങ്ങൾ: ക്രമക്കേടിന് പഴുതുണ്ട്

ഇലക്ട്രോണിക് വോട്ടിങ് യന്ത്രങ്ങൾ ഹാക്ക് ചെയ്യാൻ എളുപ്പമാണെന്നും കടലാസ് ബാലറ്റിലേക്ക് തിരിച്ചു പോകണമെന്നും അമേരിക്കൻ നാഷണൽ ഇന്റലിജൻസ് ഡയറക്ടർ തുൾസി ഗബ്ബാർഡ്. കഴിഞ്ഞ ദിവസം യുഎസ് കാബിനറ്റ് യോഗത്തിലാണ് തുൾസി ഇതു സംബന്ധിച്ച പ്രസ്താവന നടത്തിയത്.

ഈ യോഗത്തിൽ വോട്ടിങ് യന്ത്രങ്ങൾ ഹാക്ക് ചെയ്യാനുള്ള സാധ്യതകളുടെ തെളിവുകളും തുൾസി നൽകിയെന്നാണ് റിപ്പോർട്ട്.

*(മാതൃഭൂമി,ഏപ്രിൽ 12)*

## നിലമ്പൂർ ഉപതിരഞ്ഞെടുപ്പിന് 263 ബൂത്തുകൾക്ക് സാധ്യത

ഉപതിരഞ്ഞെടുപ്പിന് നിലമ്പൂർ നിയമസഭാ നിയോജക മണ്ഡലത്തിൽ 59 പുതിയവ ഉൾപ്പെടെ ആകെ 263 പോളിംഗ് ബൂത്തുകൾക്ക് ചീഫ് ഇലക്ടറൽ ഓഫീസർ ശുപാർശ ചെയ്തു.

ഒരു ബൂത്തിൽ 1200 വോട്ടർമാരെന്ന് കേന്ദ്രതിരഞ്ഞെടുപ്പ് കമ്മീഷൻ നിജപ്പെടുത്തിയിട്ടുണ്ട്.ഉപതിരഞ്ഞെടുപ്പിന് മുന്നോടിയായി നിലമ്പൂർ മണ്ഡലത്തിൽ വോട്ടർപട്ടികയുടെ സംക്ഷിപ്തപുതുക്കലും തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രഖ്യാപിച്ചിട്ടുണ്ട്.

*(ദി ഹിന്ദു,ഏപ്രിൽ 5)*

## സമയക്രമം നിശ്ചയിച്ച് കോടതി

ഗവർണമാർ ബില്ലുകൾ ഒപ്പിടുന്നതിന് കോടതി സമയക്രമം നിശ്ചയിച്ചു.

- മന്ത്രിസഭയുടെ ഉപദേശപ്രകാരം ബിൽ തിരിച്ചയക്കുകയോ, രാഷ്ട്രപതിക്ക് അയക്കുകയോ ചെയ്യുന്നെങ്കിൽ ഒരു മാസത്തിനകം വേണം.
- ബിൽ തിരിച്ചയക്കുകയാണെങ്കിൽ അതു മൂന്നു മാസത്തിനുള്ളിൽ വേണം. നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയ സന്ദേശവും ചേർക്കണം.
- മന്ത്രിസഭയുടെ ഉപദേശമില്ലാതെ, ബില്ലുകൾ രാഷ്ട്രപതിയുടെ പരിഗണനയ്ക്ക് വിടുന്ന സാഹചര്യത്തിൽ, പരമാവധി മൂന്നു മാസത്തിനകം നടപടി സ്വീകരിക്കണം.
- തിരച്ചയച്ച ബില്ലുകൾ നിയമസഭ വീണ്ടും പാസ്സാക്കി അയച്ചാൽ ഗവർണർ ഒരു മാസത്തിനകം അംഗീകാരം നൽകണം. തിരിച്ചയക്കുന്ന ബില്ലുകൾ നിയമസഭ വീണ്ടും പാസ്സാക്കി അയച്ചാൽ ഗവർണർ അംഗീകാരം നൽകിയേ മതിയാകൂ.

*(മാധ്യമം,ഏപ്രിൽ 9)*

## ജസ്റ്റിസ് ദിനേശ് മഹേശ്വരി നിയമകമ്മീഷൻ അദ്ധ്യക്ഷൻ

സുപ്രീംകോടതി മുൻജഡ്ജി ജസ്റ്റിസ് ദിനേശ് മഹേശ്വരിയെ 23-ാം നിയമകമ്മീഷൻ അദ്ധ്യക്ഷനായി നിയമിച്ചു.

ഹിതേഷ് ജയിൻ, പ്രഫ. ഡി പി വർമ്മ എന്നിവരെ സ്ഥിരം അംഗങ്ങളായി നേരത്തെ നിയമിച്ചിരുന്നു. കമ്മീഷന്റെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ഏകവ്യക്തി നിയമവും ഉൾപ്പെടുത്തിയിട്ടുണ്ട്.

*(മലയാളമനോരമ,ഏപ്രിൽ 16)*

## വാർഡ് വിജ്ഞാപനം: അന്തിമ വിജ്ഞാപനം ഉടൻ

തദ്ദേശസ്ഥാപനങ്ങളിലെ വാർഡ് വിഭജനത്തിന്റെ ഒന്നാം ഘട്ടം സംബന്ധിച്ച അന്തിമവിജ്ഞാപനം ഉടൻ ഉണ്ടാകും. പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ വാർഡുകൾ പുനർനിർണയിച്ചുള്ള വിജ്ഞാപനമാണിറങ്ങുക. വാർഡുകളുടെ അതിർത്തികളിലും മാറ്റം വരും. നിലവിലെ നടപടി പൂർത്തിയായ ശേഷം രണ്ടാം ഘട്ടത്തിൽ ബ്ളോക്ക് പഞ്ചായത്തുകളിലെയും മൂന്നാം ഘട്ടത്തിൽ ജില്ലാപഞ്ചായത്തിലെയും വാർഡ് വിഭജനം നടക്കും.

*(ദേശാഭിമാനി,ഏപ്രിൽ 18)*

# പത്രവാർത്തകളിലൂടെ

## തിരഞ്ഞെടുപ്പ് വിവരങ്ങൾ അറിയണോ? വിളിക്കൂ 1950

തിരഞ്ഞെടുപ്പ് സംബന്ധമായ ഏതു വിവരവും അറിയാൻ 1950 ൽ വിളിക്കാം. തിരഞ്ഞെടുപ്പ് വിവരങ്ങൾ പൊതുജനങ്ങളെ അറിയിക്കാനുള്ള കേന്ദ്രീകൃത കോൾ സെന്റർ സംവിധാനമാണിത്. സംസ്ഥാനത്തും ഈ ടോൾഫ്രീ ഹെൽപ്പ്ലൈൻ നടപ്പായി. വോട്ടർ രജിസ്ട്രേഷൻ, വോട്ടർ പട്ടികയിലെ മാറ്റങ്ങൾ, പോളിംഗ്സ്റ്റേഷൻ വിശദാംശങ്ങൾ, മറ്റു തിരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങളെല്ലാം ഇതിലൂടെ ലഭിക്കും. വോട്ടർ ഐഡി വിശദാംശങ്ങളിലെ പൊരുത്തക്കേടുകൾ, വോട്ടർപട്ടികയിൽ നിന്ന് പേരുകൾ നഷ്ടപ്പെട്ടത്, മാതൃകാ പെരുമാറ്റച്ചട്ടത്തിന്റെ ലംഘനങ്ങൾ എന്നിവ റിപ്പോർട്ട് ചെയ്യാനുള്ള സംവിധാനവുമുണ്ടാകും.

*(മാതൃഭൂമി, ഏപ്രിൽ 4)*

## ഇവിഎം: തുൾസി ഗബ്ബാർഡിന്റെ വാദം തള്ളി ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യ

ഇലക്ട്രോണിക് വോട്ടിങ് യന്ത്രങ്ങൾ ഹാക്ക് ചെയ്യാൻ കഴിയുമെന്ന യുഎസ് ഇന്റലിജൻസ് ഡയറക്ടർ തുൾസി ഗബ്ബാർഡിന്റെ വാദം കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ വൃത്തങ്ങൾ തള്ളി. ഇന്ത്യയിൽ ഉപയോഗിക്കുന്ന വോട്ടിങ് യന്ത്രങ്ങൾ സാധാരണ കാൽക്കുലേറ്ററുകൾ പോലെയാണ് പ്രവർത്തിക്കുന്നതെന്നും ഇവ ഇന്റർനെറ്റ്, വൈഫൈ, ഇൻഫ്രാറെഡ് എന്നിവയുമായി ബന്ധിപ്പിക്കാൻ കഴിയില്ലെന്നും ഉദ്യോഗസ്ഥർ ചൂണ്ടിക്കാട്ടി.

വിവിധ ഘട്ടങ്ങളിൽ സുപ്രീംകോടതിയുടെ വരെ സൂക്ഷ്മപരിശോധനയ്ക്കു വിധേയമായതാണ് ഇന്ത്യയിലെ വോട്ടിങ് യന്ത്രങ്ങൾ. രാഷ്ട്രീയപാർട്ടികളും വിവിധ ഘട്ടങ്ങളിൽ ഇവയുടെ പ്രവർത്തനം പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. ഇന്ത്യയിലെ വോട്ടിങ് യന്ത്രങ്ങളിൽ ക്രമക്കേട് നടത്താൻ ആർക്കും കഴിയില്ലെന്നും കമ്മീഷൻ വൃത്തങ്ങൾ ചൂണ്ടിക്കാട്ടി.

*(മലയാളമനോരമ, ഏപ്രിൽ 12)*

## ഒറ്റത്തിരഞ്ഞെടുപ്പ്: എതിർത്തും അനുകൂലിച്ചും നിയമവിദഗ്ദ്ധർ

ഒരു രാജ്യം, ഒറ്റത്തിരഞ്ഞെടുപ്പ് രീതി നടപ്പാക്കുന്നതിനെ അനുകൂലിച്ചും എതിർത്തും നിയമവിദഗ്ദ്ധർ. ഇതു സംബന്ധിച്ച ഭരണഘടനാ ഭേദഗതിബില്ലുകൾ പരിശോധിക്കുന്ന സമിതി മുൻപാകെയാണ് നിയമവിദഗ്ദ്ധർ അഭിപ്രായം പങ്കുവെച്ചത്.

കരട് നിയമങ്ങൾ ജനാഭിലാഷത്തിനെതിരും ഫെഡറലിസത്തിന്റെ ലംഘനവുമാണെന്ന് അഭിഷ്ക് മനു സംഘ്‌വി അഭിപ്രായപ്പെട്ടു. മൂന്നു വർഷം കാലാവധി തികയ്ക്കാത്ത നിയമസഭകൾ പിരിച്ചുവിടുന്നത് ശരിയായ രീതിയല്ലെന്ന് മുൻ സുപ്രീംകോടതി ജഡ്ജി ഹേമന്ദ് ഗുപ്ത വ്യക്തമാക്കി. ഒരു സർക്കാർ അവിശ്വാസപ്രമേയത്തിലൂടെ പിരിച്ചുവിടപ്പെട്ടാൽ ബദൽ സർക്കാർ ഉടൻ വരത്തക്കവിധം ക്രിയാത്മകമായ അവിശ്വാസപ്രമേയമെന്ന തത്വം കൊണ്ടുവരണമെന്ന് മുൻനിയമകമ്മീഷൻ ചെയർമാനും മുൻസുപ്രീംകോടതി ജഡ്ജിയുമായ ബി എസ് ചൗഹാൻ പറഞ്ഞു.

*(മാതൃഭൂമി, ഏപ്രിൽ 23)*

## വോട്ടർപട്ടികയിൽ അപ്പീലില്ല

കേന്ദ്രതിരഞ്ഞെടുപ്പ് കമ്മീഷൻ കഴിഞ്ഞ ജനുവരി ആറിനും ഏഴിനുമായി പ്രസിദ്ധീകരിച്ച വോട്ടർപട്ടികയുമായി ബന്ധപ്പെട്ട്, മഹാരാഷ്ട്രയൊഴിച്ച് മറ്റൊരിടത്തും വോട്ടർമാരോ രാഷ്ട്രീയകക്ഷികളോ അവരുടെ ഏജന്റുമാരോ അപ്പീൽ വ്യവസ്ഥ ഉപയോഗിച്ചില്ല. രണ്ടു തലങ്ങളിലായി മഹാരാഷ്ട്രയിൽ നിന്ന് പോയത് 90 അപ്പീലുകൾ.

അപ്പീൽ വ്യവസ്ഥ പ്രകാരം ഒന്നാംതലത്തിൽ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുടെ തീരുമാനത്തിനെതിരെ പരാതിയുണ്ടെങ്കിൽ ജില്ലാകളക്ടർക്കോ എഡിഎമ്മിനോ തത്തുല്യ റാങ്കിലെ ഉദ്യോഗസ്ഥർക്കോ അപ്പീൽ നൽകാം. ഇവിടെ നിന്നുള്ള തീർപ്പിലും പരാതിയുണ്ടെങ്കിൽ രണ്ടാംതലത്തിൽ സംസ്ഥാന മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർക്ക് അപ്പീൽ നൽകാം.

പ്രത്യേക വോട്ടർപട്ടികപുതുക്കൽ പ്രക്രിയ നടത്തിയത് 4123 നിയമസഭാ മണ്ഡലങ്ങളിലെ 10.5 ലക്ഷം ബൂത്തുകളിലാണ്. നിലവിലെ കണക്ക് പ്രകാരം 99.22 കോടി വോട്ടർമാരുണ്ട്. കേരളത്തിൽ നിലവിൽ 2,78,66,883 വോട്ടർമാരാണുള്ളത്. വോട്ടർപട്ടിക സുതാര്യമാണെന്ന തിരഞ്ഞെടുപ്പ് കമ്മീഷന്റെ വാദഗതിക്ക് ശക്തി പകരുന്നതാണ് കണക്കുകൾ.

*(മാതൃഭൂമി, ഏപ്രിൽ 20)*

## നിലമ്പൂർ മാതൃക കേരളമാകെ പരിഗണനയിൽ

അടുത്ത നിയമസഭാ തിരഞ്ഞെടുപ്പിൽ സംസ്ഥാനത്തെ ഓരോ പോളിങ് ബൂത്തിലും പരമാവധി വോട്ടർമാരുടെ എണ്ണം 1200 ആയി പരിമിതപ്പെടുത്തും.

1200 വോട്ടർമാരിൽക്കൂടുതലുള്ളിടങ്ങളിൽ പുതിയ സ്ഥിരം ബൂത്ത് തയ്യാറാക്കും. ഓക്സിലറി ബൂത്തുകൾ ഉണ്ടാകില്ല. വോട്ടെടുപ്പ് സമയം കഴിഞ്ഞിട്ടും വോട്ടർമാരുടെ കാത്തുനിൽപ്പ് നീളുന്നതു കാരണമുള്ള അസൗകര്യം ഒഴിവാക്കാനാണിത്.

നിലമ്പൂർ നിയമസഭാ മണ്ഡലത്തിൽ നടക്കാനിരിക്കുന്ന ഉപതിരഞ്ഞെടുപ്പിൽ പരീക്ഷണാർത്ഥം കൊണ്ടുവരുന്ന ഈ മാറ്റം 2026 ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ എല്ലാ മണ്ഡലങ്ങളിലും നടപ്പാക്കാനൊരുങ്ങുകയാണ് കേന്ദ്രതിരഞ്ഞെടുപ്പ് കമ്മീഷൻ.

1500 വോട്ടർമാരിൽക്കൂടുതൽ ഉള്ളിടങ്ങളിലാണ് ഓക്സിലറി ബൂത്തുകൾ ഒരുക്കിയിരുന്നത്. നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ ഒരു ബൂത്തിൽ 1200 വോട്ടർമാർ മതിയെന്നാണ് തീരുമാനം. ഇതോടെ, 59 പുതിയവയടക്കം ആകെ 263 പോളിങ് ബൂത്തുകളാണ് നിലമ്പൂരിൽ ഉണ്ടാകുക. കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് പല ബൂത്തുകളിലും രാത്രി വൈകിവരെ വോട്ടർമാരുടെ വലിയ നിര ഉണ്ടായിരുന്നു. ഇത്തരം ബുദ്ധിമുട്ടുകൾ കൂടുതൽ ബൂത്തുകൾ ഏർപ്പെടുത്തി പരിഹരിക്കാമെന്നാണ് പ്രതീക്ഷയെന്ന് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ ഡോ.രത്തൻ യു ഖേൽക്കർ പറഞ്ഞു.

*(മാതൃഭൂമി, ഏപ്രിൽ 13)*

# സാർവ്വത്രിക വോട്ടവകാശം എന്ന വിശ്വസങ്കൽപ്പം



പി ജെ ജയിംസ്

ഇന്ത്യൻ ഭരണഘടനയിലടങ്ങിയിട്ടുള്ള അനേകം അടിസ്ഥാനസവിശേഷതകളിൽ ഒരു പ്രധാന സവിശേഷതയാണ് (salient feature) സാർവ്വത്രിക പ്രായപൂർത്തി വോട്ടവകാശം എന്നത്. ഇന്ത്യൻ യൂണിയൻ ടെറിറ്ററിക്കു കീഴിൽ വരുന്ന പ്രായപൂർത്തിയായ എല്ലാ പൗരൻമാർക്കും ഈ അവകാശം ഭരണഘടന ഉറപ്പു നൽകുന്നു.

മനുഷ്യരുടെ ജാതി, മതം, കുലം, വർണ്ണം, വർഗ്ഗം, ലിംഗം, വിശ്വാസം, വേഷം, സ്വഭാവം, വംശം, തൊഴിൽ, വിദ്യാഭ്യാസം, സാമൂഹ്യസ്ഥിതി, സാമ്പത്തികസ്ഥിതി, മുതലായ ഘടകങ്ങളൊന്നും പരിഗണിക്കാതെ പ്രായപൂർത്തിയായ എല്ലാ പൗരൻമാർക്കും വോട്ടവകാശം ഉറപ്പുവരുത്തുന്നതിനെയാണ് Universal Adult Franchise or Universal Adult Suffrage എന്നതുകൊണ്ടർത്ഥമാക്കുന്നത്. ഇതൊരു ആഗോളതത്വവും നടപ്പിൽ വരുത്തേണ്ട മനുഷ്യാവകാശവുമാണ്. അതിലുപരി ഇതൊരു അന്തർദ്ദേശീയമായ കാഴ്ചപ്പാടാണ്. ലോകത്ത് ജനാധിപത്യം പിന്തുടരുന്ന എല്ലാ രാജ്യങ്ങളിലും അവരുടെ ജനാധിപത്യബോധത്തിന്റെ മൂലക്കല്ലാണ് സാർവ്വത്രിക വോട്ടവകാശം എന്ന തത്വം.





സാർവ്വത്രിക വോട്ടവകാശം എന്ന മൂല്യാധിഷ്ഠിത സങ്കൽപ്പം ലോകമെമ്പാടും പടർന്നു പന്തലിച്ചതിന്റെ നാൾവഴികളിൽ കൂടി ഒന്നു സഞ്ചരിക്കാം. 19-ാം നൂറ്റാണ്ടിലാണ് തങ്ങളുടെ ഭരണാധികാരികളെ വോട്ടു ചെയ്തു തിരഞ്ഞെടുക്കുന്നതിനുള്ള അവകാശം അവരുടെ ജനങ്ങൾക്ക് അനുവദിച്ചുകൊണ്ട് ലോകത്തിലെ പല രാജ്യങ്ങളും വിപ്ളവകരമായ മുന്നേറ്റം നടത്തിയിട്ടുള്ളതായി കാണുന്നത്. പ്രത്യേകിച്ചും യൂറോപ്പിലും നോർത്ത് അമേരിക്കയിലും നടന്ന പുരുഷൻമാർക്ക് വോട്ടവകാശം നൽകണമെന്ന ശക്തമായ പ്രക്ഷോഭത്തിന്റെ ഫലമായിരുന്നുവത്. അതിനു മുൻപ് 1215ൽ മാഗ്നകാർട്ട ഒപ്പു വയ്ക്കപ്പെട്ടതിനുശേഷം അതിനെ തുടർന്നിങ്ങോട്ട് പല സാമ്രാജ്യങ്ങൾക്കു കീഴിലും ജനങ്ങൾക്ക് അഭിപ്രായ അവകാശങ്ങളും ഭരണസമിതികളിലേക്ക് പ്രതിനിധികളായി കടന്നു ചെല്ലുവാനുള്ള അവസരവും ലഭിച്ചിരുന്നുവെങ്കിലും അതിലേയ്ക്ക് വോട്ട് ചെയ്ത് പ്രതിനിധികളെ തിരഞ്ഞെടുത്ത് അയയ്ക്കാനുള്ള അവകാശം പല രാജ്യങ്ങളിലും ദൃശ്യമായി തുടങ്ങിയത് 19-ാം നൂറ്റാണ്ടു മുതൽക്കാണ്.

എന്നാൽ തുടക്കത്തിൽ ഇവയൊന്നും സാർവ്വത്രികമായിരുന്നില്ല. സമൂഹത്തിലെ ചില പ്രത്യേക വിഭാഗക്കാർക്കും ഭരണാധികാരികളുടെ പ്രീണനനയത്തിന്റെ ഭാഗമായുമാണ് അവ അനുവദിക്കപ്പെട്ടിരുന്നത്. അതിൽതന്നെ സ്ത്രീകൾക്കും, നിരക്ഷരർക്കും, താണജാതിക്കാർക്കും അത് നിഷേധിക്കപ്പെട്ടിരുന്നു. വംശീയതയും സ്വത്തവകാശവുമായിരുന്നു അന്നത്തെ പ്രധാന അളവുകോൽ. 1793ൽ ഫ്രാൻസിലെ Jacobin Government പ്രായപൂർത്തി പുരുഷ വോട്ടവകാശം (Adult Male Suffrage) അനുവദിച്ചു കൊണ്ട് Constitution നിർമ്മിച്ചുവെങ്കിലും അതു അപ്പോൾ തന്നെ നടപ്പിലാക്കാതെ സസ്പെൻഡ് ചെയ്യപ്പെടുകയും Jacobin Government തന്നെ നിലംപതിക്കുകയും ചെയ്തിരുന്നു. 1848 ലെ വിപ്ളവത്തിനു ശേഷമാണ് ഫ്രാൻസ്, സ്പെയിൻ, സ്വിറ്റ്സർലാന്റ് എന്നിവടങ്ങളിലൊക്കെ അത് ഭരണഘടനയുടെ ഭാഗമായത്. 1960 ൽ US Government 'One Person One Vote' എന്ന തത്വം അവിടത്തെ സുപ്രീം കോടതിയുടെ ഇടപെടലോടെ സ്വീകരിക്കുകയും തുടർന്നു വന്ന ഗവൺമെന്റുകൾ എല്ലാ അമേരിക്കക്കാർക്കും വോട്ടവകാശം നൽകുകയും ചെയ്തു.

ഇംഗ്ലണ്ടിൽ സ്ത്രീകളുടെ വോട്ടവകാശത്തിനുവേണ്ടി നിലകൊണ്ട പ്രസ്ഥാനമാണ് സഫ്രാഗെറ്റി (Suffragette) പ്രസ്ഥാനം. പ്രായപൂർത്തിയായ സ്ത്രീകൾക്ക് ആദ്യമായി വോട്ടവകാശം നൽകിയത് ചില മൂവ്മെന്റുകളുടെ ഭാഗമായി 1893ൽ ന്യൂസിലണ്ടിലാണ്. അതിനും ഒരു വർഷത്തിനുശേഷം ഓസ്ട്രേലിയയിൽ എല്ലാ ജനങ്ങൾക്കും വോട്ടവകാശം നൽകുകയും അതിനൊപ്പം സ്ത്രീകൾക്ക് പാർലമെന്റിലെ തിരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള അവകാശവും ലഭിച്ചു. അത് ലോകത്താദ്യമായിട്ടായിരുന്നു. പിന്നീട് ലോകമെമ്പാടും ഇത്തരത്തിലുള്ള ഒരു മാറ്റം വ്യാപിക്കുന്നതിൽ ഈ ചരിത്രസംഭവം കീഴ്വഴക്കമായി പരിഗണിക്കപ്പെട്ടു.

ക്രമേണ ജനകീയ മുന്നേറ്റങ്ങളാൽ സാമ്രാജ്യങ്ങൾ തകർന്നടിഞ്ഞതുമൂലവും ജനാധിപത്യസമ്പ്രദായ

ത്തിന്റെ പുതുവെളിച്ചം വീശിയടിച്ചതു മൂലവും ലോകത്ത് ഒട്ടുമിക്ക രാജ്യങ്ങളിലെയും ജനവിഭാഗങ്ങൾക്ക് സാർവ്വത്രിക വോട്ടവകാശം ലഭ്യമായി. ഇന്ന് നവീന ആശയങ്ങളുടെ സ്വാധീനത്താലും ചരിത്രത്തിന്റെ ഗതിവിഗതികളാലും ജനാധിപത്യമില്ലാത്ത സ്വേഛാധിപത്യരാജ്യങ്ങളിലും യാഥാസ്ഥിതികമായ മതറിപ്പബ്ളിക്കുകളിൽ പോലും നിഷേധിക്കാനാവാത്ത അവകാശമായി സാർവ്വത്രിക വോട്ടവകാശം നിലനിൽക്കുന്നു.

ഇന്ത്യയിൽ ഭരണഘടന നിർമ്മിക്കപ്പെടുന്നതുവരെ വളരെ വിവേചനപൂർണ്ണമായും പരിമിത അളവിലും വോട്ടവകാശം അനുവദിക്കപ്പെട്ടിരുന്നതായി ചരിത്രം നമ്മെ പഠിപ്പിക്കുന്നു. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 326 ഇന്ത്യയിലെ പൗരൻമാർക്ക് സാർവ്വത്രിക പ്രായപൂർത്തി വോട്ടവകാശം പ്രദാനം ചെയ്യുന്നു. അത് ഇന്ത്യയിൽ നിയമപരമായ ഒരു അവകാശമാണ്. അതനുസരിച്ച് 18 വയസ്സ് പൂർത്തിയായ എല്ലാ പൗരൻമാർക്കും ഭരണഘടന മൂലമോ മറ്റേതെങ്കിലും നിർദ്ദിഷ്ട നിയമപ്രകാരമോ അയോഗ്യരല്ലെങ്കിൽ തിരഞ്ഞെടുപ്പുകളിൽ വോട്ട് രേഖപ്പെടുത്തുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്.



ഇന്ത്യൻ കോൺസ്റ്റിറ്റ്യുന്റ് അസംബ്ലി ഏറ്റവും ഒടുവിലാണ് സാർവ്വത്രിക പ്രായപൂർത്തി വോട്ടവകാശം ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തിയത്. ഡോ. ബി ആർ അംബേദ്കറായിരുന്നു അത് ഉൾപ്പെടുത്തണമെന്ന് വാദിച്ചതും, അതിന്റെ ശില്പിയും. അന്ന് ഭരണഘടനാ നിർമ്മാണസഭയിൽ ഈ തത്വം ഉൾപ്പെടുത്താൻ അംബേദ്കർ അതവതരിപ്പിച്ചപ്പോൾ ധാരാളം എതിർപ്പുകൾ ഉയർന്നു വന്നിരുന്നു. ഏറെക്കുറെ നിരക്ഷരരായിരുന്ന ജനവിഭാഗങ്ങൾക്ക് വോട്ടവകാശം നൽകുന്നത് വലിയ അപകടമാണെന്നായിരുന്നു അതിനെ എതിർത്തിരുന്നവർ പ്രധാനമായും ഉന്നയിച്ചത്. അംബേദ്കർ ജനങ്ങളുടെ മൂല്യത്തിനു വേണ്ടി നിലകൊള്ളുകയും ജനങ്ങൾക്ക് ഒരേ മൂല്യം ഉണ്ടാവണമെങ്കിൽ എല്ലാവർക്കും പ്രായപൂർത്തി വോട്ടവകാശം നൽകണമെന്നും വാദിച്ചു.

1989 ൽ 61-ാമത് ഭരണഘടനാ ഭേദഗതി പ്രാബല്യത്തിലാകുന്നതുവരെ ഇന്ത്യൻ പൗരൻമാരുടെ വോട്ടിംഗ് പ്രായം 21 വയസ്സായിരുന്നു. പല രാജ്യങ്ങളിലും വ്യത്യസ്തമായ വോട്ടിംഗ് പ്രായമാണ് നിലവിലുള്ളത്. അത് 16 വയസ്സു മുതൽ 25 വയസ്സുവരെയാണ്. ചില ഇസ്ലാമിക രാജ്യങ്ങളിൽ പല തലങ്ങളിലുള്ള കൗൺസിലുകൾക്ക് വ്യത്യസ്തമായ വോട്ടിംഗ് പ്രായം അനുവദിക്കപ്പെട്ടതായി കാണുന്നുണ്ട്. അത് 14 വയസ്സു മുതൽ തുടങ്ങുന്നു. എന്നാൽ ഭൂരിഭാഗം രാഷ്ട്രങ്ങളിലും വോട്ടിംഗ് പ്രായം 18 വയസ്സാണ്. ചില രാജ്യങ്ങളിലെ 16 വയസ്സ് കണ്ടിട്ടാവണം ചിലർ ഇന്ത്യയിലും 16 വയസ്സാക്കണമെന്ന വാദം ഉന്നയിച്ചു കാണുന്നത്. ഇന്ത്യയിൽ അതിന്റെ സർക്കാരുകൾക്ക് രൂപം കൊടുക്കാൻ നടത്തപ്പെടുന്ന ഇലക്ഷനുകളിൽ പൗരൻമാരെ നേരിട്ടു പങ്കെടുക്കാൻ അനുവദിക്കുന്നതിലൂടെ സാർവ്വത്രിക പ്രായപൂർത്തി വോട്ടവകാശം ഇന്ത്യൻ ജനാധിപത്യത്തിന്റെ അടിത്തട്ടായി നിലകൊള്ളുന്നു.

ഒരുഭരണകൂടത്തെ തിരഞ്ഞെടുക്കുന്നതിനുള്ള തിരഞ്ഞെടുപ്പ് എന്ന ജനാധിപത്യപ്രക്രിയയിൽ ജനങ്ങളുടെ ശബ്ദമാണ് അവരുടെ വോട്ടവകാശം. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 14 സമത്വത്തെക്കുറിച്ച് പ്രതിപാദിക്കുന്നു. ആധുനിക ജനാധിപത്യസംസ്കാരം പുലരണമെങ്കിൽ സമ്പൂർണ്ണസമത്വം കൈവരിക്കേണ്ടതുണ്ട്.

സമ്പൂർണ്ണ സമത്വം കൈവരിക്കണമെങ്കിൽ സമൂഹത്തിൽ നിലനിൽക്കുന്ന എല്ലാത്തരം വിവേചനങ്ങളെയും ഇല്ലായ്മ ചെയ്യുകയും ഭരണവർഗ്ഗം വച്ചുപുലർത്തുന്ന അധികാരദുർപ്രഭുത്വം അവസാനിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. സാർവ്വത്രിക വോട്ടവകാശം ലഭിക്കുന്നതിലൂടെ ജനങ്ങളെ ഭരണഘടന വിഭാവനം ചെയ്യുന്ന സമത്വം എന്ന അടിസ്ഥാന മൗലികവകാശമൂല്യത്തെ പ്രായോഗികമായി പ്രയോഗിക്കാനുള്ള അവസരമാണ് കൈവരുന്നത്. ആത്മാഭിമാനം, അന്തസ്, തുല്യത, മേധാവിത്വവിചാരം ഇല്ലാതാക്കൽ, അടിമത്തസമാനമായ വിധേയത്വ മനോഭാവം ഇല്ലാതാക്കൽ മുതലായവ ജനങ്ങൾക്ക് പ്രദാനം ചെയ്യുന്നതാണ് സാർവ്വത്രിക വോട്ടവകാശം. വോട്ടെടുപ്പു ദിവസം പോളിംഗ് സ്റ്റേഷനുകളിലാണ് ജനങ്ങൾ തമ്മിലുള്ള സമത്വത്തിന്റെ ഏറ്റവും സുന്ദരമായ കാഴ്ച കാണാൻ കഴിയുക എന്നത് ഒരു അപൂർവ്വത കൂടിയാണ്.

ഇന്ത്യയിൽ സമ്മതിദാനാവകാശം എന്നു പറയുന്നത് ഒരു തിരഞ്ഞെടുപ്പിൽ മത്സരിക്കാനും മത്സരിക്കാതിരിക്കാനും വോട്ടു ചെയ്യുവാനും ചെയ്യാതിരിക്കാനുമുള്ള ഒരാളുടെ അവകാശമാണ്. അതേ സമയം കേരളത്തിലെ തദ്ദേശസ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ സമ്മതിദാനവകാശം എന്നു പറയുന്നത്, തിരഞ്ഞെടുപ്പിൽ മത്സരിക്കാനും മത്സരിക്കാതിരിക്കാനും വോട്ടു ചെയ്യുവാനുമുള്ള ഒരാളുടെ അവകാശം മാത്രമാകുന്നു. അതിലേറെ അത് പ്രദാനം ചെയ്യുന്നത് 5 വർഷത്തിലൊരിക്കൽ ജനങ്ങൾക്ക് റഗുലറായി ഈ അവകാശവും അധികാരവും വിനിയോഗിക്കാൻ കഴിയുമെന്ന ഭരണഘടനാപരമായ ഉറപ്പാണ്.

വർത്തമാനകാലത്ത് വോട്ടർപട്ടികയിൽ പേര് ചേർക്കാനും, അൽപസമയം കാത്തുനിന്നു വോട്ടു ചെയ്യാനും മടികാണിക്കുകയും, ടെക്നോളജിയിൽ അഭിരമിക്കുകയും ചെയ്യുന്ന ഒരു തലമുറ മനസ്സിലാക്കേണ്ടത്, ഈ അവകാശം നേടിയെടുക്കുന്നതിനായി പൂർവ്വികർ സഹിച്ച ത്യാഗങ്ങളും ഈ അവകാശത്തിന്റെ കരുത്തിനെക്കുറിച്ചും അവകാശം പാഴാക്കിയാലുള്ള വിപത്തിനെക്കുറിച്ചുമാണ്. ഇത്തരമൊരു അവകാശം ജനങ്ങൾക്ക് ലഭ്യമല്ലായെങ്കിൽ ഈ ലോകം ഏതു ദിശയിൽ സഞ്ചരിക്കുമെന്നതിനെക്കുറിച്ചുമാണ്.

നിർമ്മിതബുദ്ധിയും അൽഗോരിതവുമൊക്കെ ഡിജിറ്റൽ ഇരുമ്പുമറ സൃഷ്ടിക്കുന്ന ഇക്കാലത്ത് തിരഞ്ഞെടുപ്പ് ഭൂമികയിൽ നമ്മുടെ സാർവ്വത്രിക വോട്ടവകാശം വിനിയോഗിക്കുമ്പോൾ ടെക്നോളജിയുടെ മാന്ത്രികവലയത്തിൽ അകപ്പെടാതെ, മനുഷ്യനെ മറ്റു ജീവജാലങ്ങളിൽ നിന്നും വ്യതിരിക്തമാക്കുന്ന അവന്റെ ഏറ്റവും വലിയ ശക്തി സ്രോതസ്സായ ചിന്താശേഷിയെ വിശ്വസിച്ച് വിവേകപൂർവ്വവും രാഷ്ട്രമീമാംസ സങ്കൽപ്പങ്ങളെ അടിസ്ഥാനമാക്കിയും തീരുമാനങ്ങളെടുക്കാനുള്ള ഉൾക്കാഴ്ച ആർജ്ജിച്ചെടുത്താൽ മാത്രമേ ജനാധിപത്യം അതിന്റെ എല്ലാ ഓജസ്സോടെയും മുന്നോട്ടു പോകുകയുള്ളൂ എന്നു കാണേണ്ടതാണ്.

**(ലേഖകൻ തിരഞ്ഞെടുപ്പ് കമ്മീഷനിലെ ജോയിന്റ് സെക്രട്ടറിയാണ്.)**

# എവറസ്റ്റ് യാത്ര:

## പ്രിയാകുമാരിക്ക് വെൽഫെയർ ക്ലബ്ബിന്റെ അനുമോദനം

മൗണ്ട് എവറസ്റ്റ് ബേസ് ക്യാമ്പ് വരെ വിജയകരമായി ട്രക്കിങ് നടത്തിയ തിരഞ്ഞെടുപ്പ് കമ്മീഷനിലെ ഉദ്യോഗസ്ഥ പി ജെ പ്രിയകുമാരിയെ ജീവനക്കാരുടെ വെൽഫെയർ ക്ളബ്ബിന്റെ ആഭിമുഖ്യത്തിൽ അനുമോദിച്ചു.

കമ്മീഷൻ ഓഫീസിൽ നടന്ന അനുമോദന ചടങ്ങിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ അനുമോദനപ്രഭാഷണം നടത്തി. പ്രിയാകുമാരിയെ പൊന്നാട അണിയിക്കുകയും വെൽഫെയർ ക്ളബ്ബിന്റെ ഉപഹാരം സമ്മാനിക്കുകയും ചെയ്തു.



കമ്മീഷൻ സെക്രട്ടറി ബി എസ് പ്രകാശ്, ജോയിന്റ് സെക്രട്ടറിമാരായ എ സുരേഷ്കുമാർ, അനിൽജോണി, കൺസൾട്ടന്റ് എം ഷാജഹാൻ, അസിസ്റ്റന്റുമാരായ വി രാജീവ്കുമാർ, എസ് ആമോദ്രാജ് , എന്നിവർ ആശംസാ പ്രസംഗം നടത്തി.

12 ദിവസം നീണ്ടു നിന്ന സാഹസികയാത്രയുടെ അനുഭവങ്ങൾ പ്രിയകുമാരി സഹപ്രവർത്തകരുമായി പങ്കുവെച്ചു. യാത്രയിൽ എടുത്ത ഫോട്ടോകളുടെയും വീഡിയോകളുടെയും പ്രദർശനവും നടന്നു.

ചടങ്ങിൽ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ജെ ആർ ഗീത, സീനിയർ ഫിനാൻസ് മാനേജർ റീന വർഗ്ഗീസ്, അഡീഷണൽ സെക്രട്ടറി സി എസ് ശ്രീകല, ലോ ഓഫീസർ പ്രീതി ആർ നായർ, ജോയിന്റ് സെക്രട്ടറിമാരായ പി.ജെ. ജയിംസ്, പ്രദീപ് കുമാർ ആർ., ലീഗൽ കൺസൾട്ടന്റ് വി ഷാജിമോൻ, കമ്മീഷണറുടെ പ്രൈവറ്റ് സെക്രട്ടറി ആർ മണികണ്ഠൻ, സെക്ഷൻ ഓഫീസർമാരായ ആർ ആർ രഞ്ജിത്, സരീഷ് കെ, കമ്മീഷനിലെ ജീവനക്കാരായ റീന എൻ., നികേത് കെ.എസ്., അനിൽ കുമാർ എസ്., രാജീവ് കുമാർ വി., ആമോദ്രാജ് എസ്., പ്രിൻസ്ജോസഫ് തട്ടിൽ, ശരത്മോഹൻ എം.എസ്., സമീന എസ്.എം., ആതിരമോഹൻ എം.എസ്., നിമിഷ എൻ.കെ., ഗായത്രിചന്ദ്രൻ, രമേഷ്കുമാർ റ്റി., സുമ എസ്.എസ്., പ്രദീപ്സോമൻ, സുജ പി., അരവിന്ദ് എം.എ., സതീഷ് ജെ. പങ്കെടുത്തു.



## നേത്രപരിശോധന ക്യാമ്പ് നടത്തി

സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ സ്റ്റാഫ് വെൽഫെയർ ക്ളബ്ബിന്റെ ആഭിമുഖ്യത്തിൽ കമ്മീഷനിലെ ജീവനക്കാർക്കായി നേത്രപരിശോധന ക്യാമ്പ് സംഘടിപ്പിച്ചു.

ക്ലബ്ബ് പ്രസിഡന്റ് ബി.എസ്. പ്രകാശ്, സെക്രട്ടറി അനിൽ ജോണി എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.





Chief Editor B.S. Prakash *For Private Circulation Only* Editor: K.M.Aiyyappan

*Edited, Printed & Published by The Secretary,State Election Commission*